# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1381** — 04.12.2014-ൽ മറുപടിയ്ക്ക്

## ടാർ വാങ്ങിയ വകയിൽ കമ്പനികൾക്ക് നൽകേണ്ട തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സാജു പോൾ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡ് പണികൾക്ക് ഏതെല്ലാം കമ്പനികളിൽ നിന്നാണ് ടാർ വാങ്ങുന്നത് ; | (എ) | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ), മാംഗ്ളൂർ റിഫൈനറി ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ് (എം.ആർ.പി.എൽ), ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ) എന്നീ കമ്പനികളാണ് പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത്. |
| (ബി) | ടാർ വാങ്ങിയ വകയിൽ കമ്പനികൾക്ക് കുടിശ്ശിക നൽകാനുണ്ടോ ; എങ്കിൽ എന്ത് തുക കുടിശ്ശികയുണ്ട് ; | (ബി) | പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ടാർ വാങ്ങിയ ഇനത്തിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് 31.10.2014 വരെ 39.14 കോടി രൂപ നൽകാനുണ്ട്. |
| (സി) | ടാർ നൽകുന്ന കമ്പനികൾക്ക് കുടിശ്ശിക നൽകാനുള്ളത് ടാറിന്റെ ലഭ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ; ഇതുമൂലം റോഡ് പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടോ ? | (സി) | ഇല്ല. |

**സെക്ഷൻ ഓഫീസർ**